# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 03 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok

---

**പാണ്ടിത്താവളം ആർഓ പ്ലാന്റ് സജ്ജമാകുന്നു**

ശബരിമല: മണിക്കൂറിൽ പതിനായിരം ലീറ്റർ വെള്ളം ലഭ്യമാക്കുന്ന ആർഓ പ്ലാന്റ് പാണ്ടിത്താവളത്തിൽ സജ്ജമാകുന്നു. ജലം ശുദ്ധീകരിച്ച് രണ്ടിഞ്ച് എച്ച്ഡിപിഎൽ പൈപ്പുവഴി നടപ്പന്തൽ, മാളികപ്പുറം പരിസരങ്ങളിൽ ഇതോടെ കുടിവെള്ളം സുലഭമാകും.

പാണ്ടിത്താവളത്ത് 20 ലക്ഷം ലീറ്ററിന്റെ ജലസംഭരണിക്കടുത്താണ് പുതിയ ആർഓ നിർമിക്കുന്നത്. ഇവിടെ നിലവിൽ 1000 ലീറ്ററിന്റെ അഞ്ച് ആർഓ പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. അതിന് പുറമെയാണ് പുതിയ പ്ലാന്റ് പ്രവർത്തന സജ്ജമാകുന്നത്. ജല ശുദ്ധീകരണത്തിനുള്ള അവസാനവട്ട പ്രവർത്തനങ്ങൾ കൂടി പൂർത്തിയായാൽ സംവിധാനം പൂർണതോതിൽ ആകുമെന്ന് ജലവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ജി ബസന്തകുമാർ പറഞ്ഞു.

ശബരിമലയിൽ കുടിവെള്ള വിതരണത്തിനായി നിലവിൽ 270 ടാപ്പുകളുമായി ജലകിയോസ്കുകളും വാട്ടർ സ്റ്റേഷനുകളും മുമ്പ്തന്നെ സജ്ജമായിരുന്നു. മണിക്കൂറിൽ 600 ലീറ്റർ കുടിവെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യാവുന്ന ആറ് ചെറുകിട ആർഓ പ്ലാന്റുകളും ശബരിമലയിൽ പ്രവർത്തിക്കുന്നുണ്ട്.

പാണ്ടിത്താവളത്തിലെ പുതിയ ആർഓ പ്ലാന്റ് ഈമാസം അഞ്ചിന് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഇതിനായി സാമഗ്രികൾ എത്തിക്കുന്നതിനുള്ള താമസവും ഭക്തരുടെ തിരക്കിനിടയിൽ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ബുദ്ധിമുട്ടുമാണ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കിയത്. പ്രതിസന്ധികൾ പരിഹരിച്ച് ദിവസങ്ങൾക്കുള്ളിൽ പ്ലാന്റ് സജ്ജമാക്കുമെന്ന് ബസന്തകുമാർ പറഞ്ഞു. ഇതോടെ ശബരിമലയിലെ കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരം കാണാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

## ഭക്തജനങ്ങൾ ശൗചാലയങ്ങൾ ഉപയോഗപ്പെടുത്തണം

ശബരിമല: പ്രാഥമിക ആവശ്യങ്ങൾക്കായി ഭക്തജനങ്ങൾ ശൗചാലയങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് അധികൃതർ നിർദ്ദേശിച്ചു. പമ്പമുതൽ സന്നിധാനംവരെ 1022 ശൗചാലയങ്ങളാണ് ഭക്തർക്കായി തയ്യാറാക്കിയിട്ടുള്ളത്. ഇ-ടോയ്‌ലറ്റുകൾ, മറപ്പുരപോലെയുള്ള പൊതുശൗചാലയങ്ങൾ, പണം നൽകി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ എന്നിവ ശബരിമലയിൽ പലയിടത്തായി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇത് ഉപയോഗപ്പെടുത്താതെ ഭക്തർ വെളിമ്പ്രദേശങ്ങളിൽ വിസർജ്ജനം നടത്തുന്ന സാഹചര്യമാണുള്ളത്.

അണുനാശിനികൾ ഉപയോഗിച്ചിട്ടുപോലും അസഹ്യമായ ദുർഗന്ധം ഉയരുന്നു. വിസർജ്ജ്യങ്ങളിൽ ചവിട്ടി ഭക്തന്മാർ സന്നിധാനത്തേക്ക് എത്തേണ്ട ദയനീയ അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് സാംക്രമിക രോഗങ്ങൾക്ക് കാരണമാകുന്നതോടൊപ്പം സന്നിധാനത്തിന്റെ പരിശുദ്ധിക്കും അപചയമുണ്ടാക്കും. ഇത് ഒഴിവാക്കാൻ ഭക്തജനങ്ങൾ പ്രാഥമിക ആവശ്യങ്ങൾക്ക് ശൗചാലയങ്ങൾ ഉപയോഗിച്ച് ശബരിമല പാവനമായി സംരക്ഷിക്കാൻ സഹകരിക്കണമെന്ന് ദേവസ്വം അധികൃതർ അഭ്യർത്ഥിച്ചു.

## ശബരിമലയിൽ കർശന സുരക്ഷ ഉറപ്പാക്കും: ഡിഐജി സ്പർജൻ കുമാർ

ശബരിമല: ശബരിമലയിലും സന്നിധാനത്തും കർശന സുരക്ഷയൊരുക്കാൻ സുരക്ഷാസേന നടപടി സ്വീകരിച്ചതായി സുരക്ഷാ ക്രമീകരണങ്ങളുടെ മേൽനോട്ടത്തിന് നിയോഗിക്കപ്പെട്ട ഡിഐജി സ്പർജൻ കുമാർ പറഞ്ഞു.

മെച്ചപ്പെട്ട സുരക്ഷയും തീർത്ഥാടകർക്ക് സുഗമമായ അയ്യപ്പ ദർശനവും എന്നതാണ് പോലീസ് ആഗ്രഹിക്കുന്നത്. കേന്ദ്രസേന ഉൾപ്പെടെ സന്നിധാനത്ത് സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുക്കുന്നുണ്ട്. സന്നിധാനത്തെ എല്ലാ പ്രദേശങ്ങളെയും നിരീക്ഷിക്കുന്നതിനായി എത്തിച്ചിട്ടുള്ള ഡ്രോൺ സംവിധാനം പരീക്ഷണാടിസ്ഥനത്തിൽ ഇന്നലെ ഉപയോഗിച്ചിരുന്നു. ഇതിലെ ദൃശ്യങ്ങൾ പരിശോധിച്ചു വരികയാണ്. മണ്ഡല-മകരവിളക്ക് കാലത്ത് ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ തേടുന്നുണ്ടെന്ന് അ്ദ്ദേഹം പറഞ്ഞു.

സ്ഥിര നിരീക്ഷണങ്ങൾ തുടരുമെന്ന് സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസറായ എസ്.പി പികെ മധു പറഞ്ഞു. എല്ലാ സുരക്ഷാ വിഭാഗത്തെയും ഒന്നിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വനംവകുപ്പ് ഉൾപ്പെടെയുള്ള സേനകളുടെ സഹകരണത്തോടെ മൂന്നു ടീമായി തിരിഞ്ഞുകൊണ്ടുള്ള തിരച്ചിൽ പ്രവർത്തനമാണ് നടത്തുന്നത്. വരും ദിനങ്ങളിൽ തിരച്ചിലും പരിശോധനകളും തുടരും. കോമ്പിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി കടകളും താമസസ്ഥലങ്ങളും ഉൾപ്പെടെ പരിശോധിച്ചുകൊണ്ടുള്ള സുരക്ഷാ നടപടികൾ സ്വീകരിക്കും. കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

## മണ്ഡല-മകരവിളക്ക്: വിലയിരുത്തൽ യോഗം ഇന്ന്

ശബരിമല: 201617ലെ മണ്ഡല-മകരവിളക്ക് ഉൽസവത്തോടനുബന്ധിച്ചുള്ള പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ഇന്ന് രാവിലെ 11-ന് സന്നിധാനം വിനായക് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ യോഗം ചേരും.

ശബരിമല സ്പെഷ്യൽ കോ-ഓർഡിനേറ്റർ, സബ്കളക്ടർ, റവന്യു, പോലീസ്, ഫോറസ്റ്റ്, ഭഷ്യ-സുരക്ഷാ, മലിനീകരണ നിയന്ത്രണ ബോർഡ്, സാനിറ്റേഷൻ സ്ക്വാഡ്, മറ്റ് സ്ക്വാഡ് അംഗങ്ങൾ, സന്നിധാനത്തെ കച്ചവടക്കാരുടെ പ്രതിനിധികൾ, കുത്തകയെടുത്തവർ, എന്നിവരാണ് യോഗത്തിൽ പങ്കെടുക്കുകയെന്ന് സന്നിധാനം ഡ്യൂട്ടി മജ്സ്ട്രേറ്റ് അറിയിച്ചു.

## ശബരിപീഠത്തിന് സമീപം 360 കിലോ വെടിമരുന്ന് പിടികൂടി

ശബരിമല: ശബരിപീഠത്തിന് സമീപം പഴയ വെടിത്തറയ്ക്കരികിൽനിന്നും 360 കിലോ വെടിമരുന്ന് പിടികൂടി. മരച്ചുവട്ടിൽ കാനുകളിൽ ഒളിപ്പിച്ച നിലയിലായുന്നു ഇത്. 30 കിലോ വരുന്ന 12 കാനുകളിലായിരുന്നു വെടിമരുന്ന് സൂക്ഷിച്ചിരുന്നത്.
പിടികൂടിയവ സന്നിധാനത്ത് സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. വെടിമരുന്നുകൾ നിർവീര്യമാക്കാനുള്ള അധികാരമുള്ള എറണാകുളം ജില്ലയിലെ എക്സ്പ്ലോസീവ് കൺട്രോൾ വിഭാഗത്തിൽ ഇതുസംബന്ധിച്ച വിവരം കൈമാറിയിട്ടുണ്ട്.
പുലർച്ചെ തുടങ്ങിയ പോലീസ്, ഫോറസ്റ്റ്, ബോംബ്സ്ക്വാഡ്, കമാൻഡോ സംയുക്ത പരിശോധനയിലാണ് വെടിമരുന്നുകൾ പിടികൂടിയത്. സന്നിധാനം എസ് ഐ അശ്വജിത് എസ് കാരാണ്മയിലിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് വെടിമരുന്നുകൾ കണ്ടെത്തിയത്. എ എസ് ഐ മധു, എസ് പി ഒ മാരായ പ്രസാദ്, രാജേഷ് എന്നിവരും സംഘത്തിലുണ്ടായിരുന്നു.

## ആവേശമായി കൃഷ്ണദാസ് ഗുരുക്കളുടെ കളരിപ്പയറ്റ്

ശബരിമല: ചാവക്കാട് വല്ലഭ കളരിസംഘം സന്നിധാനം ഓഡിറ്റോറിയത്തിൽ അവതരിപ്പിച്ച കളരിപ്പയറ്റ് അയ്യപ്പഭക്തൻമാർക്ക് ആവേശം പകർന്നു. കൃഷ്ണദാസ് ഗുരുക്കളാണ് എട്ടുപേരടങ്ങുന്ന കളരിപ്പയറ്റ് സംഘത്തിന് നേതൃത്വം നൽകിയത്.
ഇതരസംസ്ഥാനത്തു നിന്നും വന്ന അയ്യപ്പൻമാർ കളരിയഭ്യാസം കണ്ട് കൈയ്മെയ് മറന്ന് ആർപ്പുവിളിച്ചു. മെയ്പ്പയറ്റ്, വാൾപ്പയറ്റ്, ഉറുമിപ്പയറ്റ് തുടങ്ങി കളരിയിലെ പന്ത്രണ്ടോളം അഭ്യാസമുറകൾ സംഘം വേദിയിൽ അവതരിപ്പിച്ചു.
എട്ടു വയസ്സു മാത്രമുള്ള ഗോകലിന്റെ പ്രകടനമായിരുന്നു ഏറ്റവും ശ്രദ്ധേയം. 61 വയസ്സുള്ള മോഹനനായിരുന്നു സംഘത്തിലെ ഏറ്റവും പ്രായംകൂടിയ അഭ്യാസി.

## ഫയർഫോഴ്സ് ഡയറക്ടർ (ടെക്നിക്കൽ) പരിശോധന നടത്തി

ശബരിമല: സന്നിധാനത്തും പരിസരങ്ങളിലുമായി അഗ്നിബാധയ്ക്ക് സാധ്യതയുള്ള സ്ഥാപനങ്ങളിൽ ഫയർഫോഴ്സ് ഡയറക്ടർ (ടെക്നിക്കൽ) ഇ. ബി പ്രസാദ് പരിശോധന നടത്തി.
ഹോട്ടലുകൾ, കൊപ്രാക്കളം, വിവിധ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായിരുന്നു പരിശോധന. അപകട സാധ്യതകൾകളെ സംന്ധിച്ച് സ്ഥാപന ഉടമകളെ ബോധ്യപ്പെടുത്തിയ അദ്ദേഹം പ്രതിരോധ നടപടികൾ സ്വീകരിക്കുവാൻ നിർദേശം നൽകി. തുടർന്നും അപ്രതീക്ഷിത പരിശോധനകൾ നടത്തുമെന്ന് ഡയറക്ടർ പറഞ്ഞു.

## അമിതവില : 72000 രൂപ പിഴ ഈടാക്കി

ശബരിമല: അമിതവിലയ്ക്ക് പാത്രങ്ങളും വിരികളും നൽകിയതിന് സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് വ്യാപാരസ്ഥാപനത്തിന് 72000 രൂപ പിഴ ഈടാക്കി. മാളികപ്പുറം നടപ്പന്തലിന് സമീപം അനധികൃതമായി സ്റ്റീൽപാത്രം കച്ചവടം നടത്തിയയാളുടെ കട അടപ്പിച്ചു. പാത്രങ്ങൾക്ക് അമിതവില ഈടാക്കിയ മറ്റൊരു കട മൂന്നു ദിവസത്തേക്ക് അടയ്ക്കാനും ഡ്യൂട്ടി മജിസ്ട്രേറ്റ് ഉത്തരവായി.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.